ഉത്തരം

(എ) ഏകദേശം എട്ട് ലക്ഷത്തോളം തൊഴിലാളികൾ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണി ചെയ്യുന്നതായി അനൗദ്യോഗികമായി കണക്കാക്കിയിട്ടുണ്ട്. തൊഴിലാളികളെ സംബന്ധിച്ചുള്ള ആധികാരികമായ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപന നിയമപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. അത് സംബന്ധിക്കുന്ന ചട്ടങ്ങളും നിലവിലുണ്ട്. കേരളത്തിൽ ടി നിയമത്തിന്റെ റൂൾസും നിലവിലുണ്ട്. 1948-ലെ മിനിമം വേതന നിയമപ്രകാരം ടി തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. 4-8-1997-ലെ സർക്കാർ ഉത്തരവ് നം. (ആർ.റ്റി) 2267/97/തൊഴിൽ നമ്പർ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇരുപത് തൊഴിലാളികളിൽ കൂടുതൽ പണിയെടുക്കുന്ന കടകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് 1958-ലെ നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമപ്രകാരം ദേശീയ ഉത്സവ അവധികൾക്ക് അർഹതയുണ്ട്. പ്രസ്തുത തൊഴിലാളികൾക്ക് ഇപ്പോൾ നിലവിലുള്ള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. ടി പദ്ധതിയിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങൾക്കും മേൽ പറയുന്ന തൊഴിലാളികൾക്ക് അർഹതയുള്ളതുമാണ്.

(സി) വാണിജ്യസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമപദ്ധതി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇപ്പോൾ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളാകാവുന്നതാണ്.

(ഡി) 2004-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച റഫറണ്ടം

71 [3079] ശ്രീ. തമ്പാനൂർ രവി:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, സി. പി. മുഹമ്മദ്:

,, വി. ഡി. സതീശൻ:

,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം തോട്ടങ്ങളിൽ ട്രേഡ് യൂണിയൻ അംഗീകരണം സംബന്ധിച്ച് റഫറണ്ടം നടത്തിയിട്ടുണ്ട്; അതിൽ ഏതെല്ലാം യൂണിയനുകൾ പങ്കെടുത്തുവെന്നും ഏതെല്ലാം യൂണിയനുകൾക്ക് അംഗീകാരം ലഭിച്ചെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിലെ പാലപ്പള്ളിയിൽ ഉള്ള മുപ്പിവാലി ഗ്രൂപ്പ് എസ്റ്റേറ്റുകളിൽ ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച് റഫറണ്ടം നടത്തിയിട്ടുണ്ട്. പ്രസ്തുത റഫറണ്ടത്തിൽ

1. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ് (സി.ഐ.റ്റി.യു.)
2. പാലപ്പള്ളി റബ്ബർ എസ്റ്റേറ്റ് ലേബർ കോൺഗ്രസ്
3. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ (എ.ഐ.റ്റി.യു.സി.)
4. കേരള സ്റ്റേറ്റ് എസ്റ്റേറ്റ് ആന്റ് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ (റ്റി.യു.റ്റി.ഐ.)
5. തൃശ്ശൂർ ജില്ലാ എസ്റ്റേറ്റ് മസ്ദൂർ സംഘ് (ബി.എം.എസ്.)

എന്നീ യൂണിയനുകൾ പങ്കെടുക്കുകയുണ്ടായി. അതിൽ ആകെയുള്ള വോട്ടർമാരുടെ 15 ശതമാനമോ അതിൽ കൂടുതലോ വോട്ടു ലഭിച്ച

1. കേരള സ്റ്റേറ്റ് എസ്റ്റേറ്റ് ആന്റ് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ (റ്റി.യു.റ്റി.ഐ.)
2. റബ്ബർ എസ്റ്റേറ്റ് വർക്കേഴ്സ് കോൺഗ്രസ് (സി.ഐ.റ്റി.യു.)
3. പാലപ്പള്ളി റബ്ബർ എസ്റ്റേറ്റ് ലേബർ കോൺഗ്രസ്

എന്നീ യൂണിയനുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പണിമുടക്കുകളുടെ ഏറ്റക്കുറച്ചിൽ

72 [3080] ശ്രീ. വി. ഡി. സതീശൻ:
,, എ. പി. അനിൽകുമാർ:
,, തമ്പാനൂർ രവി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പണിമുടക്കുണ്ടായിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ പണിമുടക്കുകൾ കുറഞ്ഞുവരുകയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പണിമുടക്കുമൂലം എത്ര മാൻഡേയ്സ് നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly